# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1940** **07-12-2015-ൽ മറുപടിയ്ക്ക്**

## കാരുണ്യ ബനവലന്റ് സ്കീം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. ശശി : | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) | കാരുണ്യ ലോട്ടറി എന്നു മുതലാണ് ആരംഭിച്ചത്, ഇതു വരെ എത്ര നറുക്കെടുപ്പുകൾ നടത്തി, ഓരോ നറുക്കെടുപ്പിൽ നിന്നും ലഭിച്ച തുക, ഇവയുടെ നടത്തിപ്പിനായി ചെലവഴിച്ച തുക എന്നിവയുടെ വിവരം വർഷം തിരിച്ച് വ്യക്തമാക്കുമോ; | (എ) | 03.09.11-ന് വിൽപ്പന ആരംഭിച്ച കാരുണ്യ ഭാഗ്യക്കുറിയുടെ ആദ്യ നറുക്കെടുപ്പ് 24.09.11-നാണ് നടന്നത്. കാരുണ്യ ഭാഗ്യക്കുറിയുടെ 217 നറുക്കെടുപ്പുകൾ നടത്തിയിട്ടുണ്ട്. കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നും ലഭിച്ച തുക, ഇവയുടെ നടത്തിപ്പിനായി ചെലവഴിച്ച തുക (സമ്മാനം, ഡിസ്കൗണ്ട്, ടാക്സ്, പ്രിന്റിംഗ്, പരസ്യം, എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ ഉൾപ്പെടെ) എന്നിവയുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| വർഷം | വിറ്റുവരവ് (കോടി രൂപയിൽ) | ചെലവ് (കോടി രൂപയിൽ) (Approximate) |
|---|---|---|
| 2011-2012 | 188.87 | 149.90 |
| 2012-2013 | 464.61 | 359.36 |
| 2013-2014 | 602.10 | 470.07 |
| 2014-2015 | 695.27 | 553.47 |
| 2015-2016 (നവംബർ വരെ) | 506.39 | 409.04 |

ഓരോ നറുക്കെടുപ്പിൽനിന്നും ലഭിച്ച തുക, ചെലവഴിച്ച തുക (ഏകദേശം) എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

| | | | |
|---|---|---|---|
| (ബി) | കാരുണ്യ ബനവലന്റ് സ്കീം എന്നു മുതലാണ് ആരംഭിച്ചത്; ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഈ സ്കീമിൽ ഓരോ വർഷവും എത്ര രോഗികൾക്ക് ചികിത്സാ സഹായം നൽകി; അതിനായി എത്ര തുക ചെലവഴിച്ചുവെന്നതിന്റെ കണക്ക് വർഷം തിരിച്ചു നൽകാമോ; | (ബി) | കാരുണ്യബനവലന്റ് സ്കീം 26.02.2012-ലാണ് ആരംഭിച്ചത്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഈ സ്കീമിൽ ഓരോ വർഷവും എത്ര രോഗികൾക്ക് ചികിത്സാ ധനസഹായം നൽകി, ചെലവഴിച്ചിട്ടുള്ള തുക എന്നിവയുടെ വർഷം തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് അനുബന്ധം 'ബി' ആയി ചേർത്തിട്ടുണ്ട്. |
| (സി) | ചികിത്സാ ചെലവിനായി എത്ര കേസുകൾക്ക് സഹായം നൽകാനുണ്ടെന്നും അത് ആകെ എത്ര തുകയുണ്ടെന്നും വെളിപ്പെടുത്തുമോ; ഏതെങ്കിലും ആശുപത്രികൾ ഈ സ്കീമിൽ നിന്നും പുറത്തുപോയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വെളിപ്പെടുത്തുമോ? | (സി) | ചികിത്സാചെലവിനായി 44,513 പേർക്ക് 422.55 കോടി രൂപ നൽകുവാനുണ്ട്.<br>പദ്ധതിപ്രകാരം അക്രഡിറ്റ് ചെയ്തിട്ടുള്ള ആശുപത്രികൾ ഒന്നുംതന്നെ സ്കീമിൽ നിന്നും പുറത്തു പോയിട്ടില്ല. |
| (ഡി) | ഏതെല്ലാം രോഗങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നത്; ധനസഹായം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം, അനുവദിക്കുന്ന പരമാവധി ധനസഹായം, ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമം എന്നിവ വ്യക്തമാക്കുമോ ? | (ഡി) | ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ/ കരൾ എന്നിവയ്ക്കുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കാണ് ചികിത്സാ ധനസഹായം നൽകി വരുന്നത്.<br>കാരുണ്യചികിത്സാ പദ്ധതി പ്രകാരം അനുവദിക്കുന്ന പരമാവധി ചികിത്സാ ധനസഹായത്തുക രണ്ടു ലക്ഷം രൂപയാണ്. |

| | | | |
|---|---|---|---|
| | | | <u>**ധനസഹായം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു.**</u><br><br>1. മൂന്ന് ലക്ഷം രൂപയിൽ കവിയാതെ വാർഷിക വരുമാനമുള്ള ബി.പി.എൽ/എ.പി.എൽ കുടുംബങ്ങൾക്ക് ചികിത്സാ ധനസഹായം ലഭിക്കും. പരാമാവധി ചികിത്സാ ധനസഹായമായി 2 ലക്ഷം രൂപയാണ് അനുവദിക്കുന്നത്.<br><br>2. ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ/ കരൾ എന്നിവയുടെ സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലീയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാ നാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്ക് ചികിത്സാ ധനസഹായം ലഭിക്കും.<br><br>3. എല്ലാ സർക്കാർ ആശുപത്രികളിലും കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പ്രകാരം അക്രെഡിറ്റ് ചെയ്തിട്ടുള്ള സർക്കാരിതര ആശുപത്രികളിലും ചികിത്സ തേടുന്നവർക്ക് ചികിത്സാ ധനസഹായം ലഭിക്കും.<br><br>4. ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിൽ ആകെ ധനസഹായ പരിധിയിൽ ഇളവു വരുത്തി ഓരോ രോഗിക്കും പരിധിയില്ലാതെ ചികിത്സാ ധനസഹായം അനുവദിക്കുന്നു.<br><br><u>**ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.**</u><br><br>1. നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറത്തിൽ രോഗി സ്ഥിരമായി താമസമുള്ളതും റേഷൻ കാർഡുള്ളതുമായ ജില്ലയിലെ ജില്ലാ ലോട്ടറി ആഫീസിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.<br><br>2. റേഷൻകാർഡിന്റെ പകർപ്പ്, ആശുപത്രിയിൽ നിന്നും ലഭിച്ചിട്ടുള്ള ചികിത്സാ ചെലവ് കണക്കാക്കിക്കൊണ്ടുള്ള എസ്റ്റിമേറ്റ്, രോഗിയും കുടുംബാംഗങ്ങളും ചേർന്ന് രോഗി |

താമസിക്കുന്ന വീടിനു മുന്നിൽ നിന്നും എടുത്തിട്ടുള്ളതുമായ ഒരു കളർ ഫോട്ടോ, രോഗിയുടെ പാസ്പോർട്ട്സൈസ് ഫോട്ടോ എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

3. ജില്ലാതല കമ്മറ്റിയുടെ ശുപാർശ അനുസരിച്ച് സംസ്ഥാനതല കമ്മറ്റി അനുവദിക്കുന്ന ചികിത്സാ ധനസഹായത്തുക ബന്ധപ്പെട്ട ആശുപത്രികളിലേക്ക് നൽകുന്നു. എന്നാൽ അടിയന്തിര ചികിത്സ ആവശ്യമുള്ള ഘട്ടങ്ങളിൽ ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂർ ചികിത്സാ അനുമതി നല്കുവാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതല കമ്മറ്റിയിലേക്ക് ശുപാർശ ചെയ്തിട്ടുള്ള അപേക്ഷകളിൽ അടിയന്തിര ഘട്ടങ്ങളിൽ സർജറി ഉൾപ്പെടെയുള്ള ചികിത്സ ആവശ്യമായി വരുന്ന പക്ഷം സംസ്ഥാന തലത്തിൽ അഡ്മിനിസ്ട്രേറ്ററും മുൻകൂർ ചികിത്സാനുമതി നൽകുന്നുണ്ട്. ചികിത്സാ ധനസഹായം ലഭിക്കുവാൻ കാലതാമസം വരുന്ന കേസ്സുകളിൽ രോഗി സ്വന്തം കൈയ്യിൽ നിന്നും ചികിത്സക്കായി വിനിയോഗിച്ച തുക റീഇംബേഴ്സ്മെന്റായി നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. അപേക്ഷ സമർപ്പിച്ച തീയതി മുതലാണ് ധനസഹായത്തിന് അർഹത. എന്നാൽ അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് അടിയന്തിരമായി സർജറിക്ക് വിധേയരാകേണ്ടിവരുന്ന, സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന ഗുണഭോക്താക്കളുടെ അപേക്ഷ സർജറി കഴിഞ്ഞ് 72 മണിക്കൂറിനുള്ളിൽ അതാത് ജില്ലാ ഭാഗ്യക്കുറി ആഫീസിൽ സമർപ്പിച്ചാലും ധനസഹായത്തിനായി പരിഗണിക്കുന്നതാണ്. ഹീമോഫീലിയ രോഗികൾക്ക് ആവശ്യമായ ഫാക്ടറുകൾ (മരുന്ന്) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലൂടെ ലഭ്യമാക്കുന്നുണ്ട്.

Jegrl

**സെക്ഷൻ ഓഫീസർ.**

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്